കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെഎസ്എ.ടിഎസ്ആർ (പി 7)2098/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ– 680020

ഫോൺ: 0487 – 2331249

ഇ–മെയിൽ: dotsr.ksad@kerala.gov.in

തീയതി.16.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്ത് – 2015–2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്
*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015–2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി7)-2098/16 തിയ്യതി: 16.01.2017

<u>തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-15 മുതൽ 31-3-16തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 31.03.2016 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2016 – 19.11.2016 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലത.എം.എൻ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ചൈതന്യാപുരുഷോത്തമൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഹാരിഷ്.വി.എ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രമാദേവി. കെ.ആർ.<br>ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

<u>പ്രസിഡന്റ്</u>

| പേര് | കാലയളവ് |
|---|---|
| ശ്രീ.പി.കെ .പ്രസാദ് | 1.4.15 മുതൽ31.10.15 കൂടി |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.15മുതൽ 18.11.15 കൂടി |
| കാർത്തിക ജയൻ | 19.11.15മുതൽ 31.3.16 കൂടി |

<u>സെക്രട്ടറി</u>

| പേര് | കാലയളവ് |
|---|---|
| പി.വി .പദ്മനാഭൻ | 01.04.2015 മുതൽ 31.03.2016 കൂടി |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | നിലൂഫർ.എം.ബാനു | 01.04.2015മുതൽ 31.03.2016 കൂടി |
| കൃഷി ഓഫീസർ | എം.ജി .സുജാത | 01.04.2015മുതൽ 01.07.2015 കൂടി |
| | എസ്.സുമേഷ് | 01.07.2015മുതൽ 04.12.2015 കൂടി |
| | കെ.ജെ.കുര്യാക്കോസ് | 04.12.2015മുതൽ 18.12.2015 കൂടി |
| | ഗ്രീഷ്മ ഷാജി | 18.12.2015മുതൽ 31.03.2016 കൂടി |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ജി.സുധർമ്മിണി | 01.04.2015മുതൽ 20.04.2015 കൂടി |
| | ഷീബ.എൽ. നാലപ്പാട്ട് | 20.04.2015മുതൽ 01.02.2016 കൂടി |
| | ശ്രുതി.ടി.രാംമോഹൻ | 01.02.2016മുതൽ 31.03.2016 കൂടി |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.കെ.പി. സിജി | 01.04.2015മുതൽ 17.02.2016 കൂടി |
| | ഡോ.പ്രഭ.കെ. നമ്പൂതിരി | 18.02.2016മുതൽ 31.03.2016 കൂടി |
| മെഡിക്കൽ ഓഫീസർ ഐ.എസ്.എം. | ഡോ.കെ.വനജ | 01.04.2015മുതൽ 31.03.2016 കൂടി |
| വെറ്ററിനറി സർജൻ | ഡോ.ഡോസൻ | 01.04.2015മുതൽ 31.03.2016 കൂടി |
| ഹെഡ്മിസ്ട്രസ്സ് | ടി.എ.ലിസ്സി | 01.04.2015മുതൽ 31.03.2016 കൂടി |
| വി.ഇ.ഒ. | എം.ജെ.ജോയ് (നന്തിക്കര) | 01.04.2015മുതൽ 26.05.2015 കൂടി |
| | ബി.എം.നാരായണൻ (പറപ്പൂക്കര,നന്തിക്കര) | 26.05.2015മുതൽ 10.09.2015 കൂടി |
| | സന്ദീപ് (പറപ്പൂക്കര,നന്തിക്കര) | 10.09.2015മുതൽ 22.09.2015 കൂടി |

| | | |
|---|---|---|
| | ഒഴിവ് (പറപ്പൂക്കര) | 23.09.2015മുതൽ 31.09.2015 കൂടി |
| | എ.കെ.ഹരിഹരൻ (നന്തിക്കര) | 18.09.2015മുതൽ 31.03.2016 കൂടി |
| | കെ.ശ്രീശാന്ത് (പറപ്പൂക്കര) | 01.10.2015മുതൽ 31.03.2016 കൂടി |
| അസി.സെക്രട്ടറി | വി.വസന്തകുമാർ | 01.04.2015മുതൽ 31.03.2016 കൂടി |

<u>ഉള്ളടക്കം</u>

| ക്രമനം. | ഭാഗം1 | ഖണ്ഡികനമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം2 | |
| 12 | സ്ഥിരനിക്ഷേപത്തിനുള്ള പലിശ യഥാസമയം വരവ് വച്ച് കണക്കിലുൾപ്പെടുത്തിയിട്ടില്ല. | 2-1 |
| 13 | തൊഴിൽ നികുതി – അപാകതകൾ | 2-2 |
| 14 | വാടക കുടിശ്ശിക ഈടാക്കണം | 2-3 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 2-4 |
| | ഭാഗം3 | |
| 16 | പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തേണ്ടതാണ് | 3-1 |
| 17 | കൈപ്പറ്റു രസീതി ഹാജരാക്കിയിട്ടില്ല– 362121 രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | തെരുവുവിളക്കുകളുടെ വൈദ്യുതിച്ചാർജ് - തുക അടവാക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. | 3-3 |
| 19 | ശതാബ്ദി ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീയാക്കി ധനസഹായം പൂർണ്ണമായി നല്കിയിട്ടില്ല | 3-4 |

| | | |
|---|---|---|
| 20 | പാലിയേറ്റീവ് പരിചരണ പദ്ധതി-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല, വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല | 3-5 |
| 21 | പ്രിന്റിംഗ് ചാർജ് -കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. | 3-6 |
| 22 | പഞ്ചായത്തിൽ നിന്നും വിവിധ ഏജൻസികൾക്ക് തുക കൈമാറിയത് -വിനിയോഗ വിവരമില്ല. | 3-7 |
| 23 | എൽ.ഇ.ഡി. തെരുവുവിളക്ക വാങ്ങി സ്ഥാപിക്കൽ – രേഖകൾ ഹാജരാക്കാത്തതിനാൽ 2,24,995/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-8 |
| 24 | തെരുവുവിളക്ക പരിപാലനം – മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 3-9 |
| 25 | റോഡ് കോൺക്രീറ്റിങ്ങ് ഡി.എസ്.ആർ. പ്രകാരമല്ല | 3-10 |
| 26 | ഇ-ടെണ്ടർ – ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ് | 3-11 |
| 27 | മരാമത്തു പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 3-12 |
| | ഭാഗം4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം. | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പതിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.3.15 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 22.3.16 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 30.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.നാളിതുവരെ സൃഷ്ടിച്ച ആസ്തികൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2.കിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല
3.തൊഴിലുറപ്പുപദ്ധതി അക്കൗണ്ടിന്റെ മുന്നിരിപ്പ്,വരവ്,ചെലവ്,നീക്കിയിരിപ്പ് എന്നിവ വാർഷികകണക്കിലേതും ബന്ധപ്പെട്ട രജിസ്റ്ററുകളിലേതുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
4.നിർവ്വഹണ ഉദ്യോഗസ്ഥർ (സെക്രട്ടറി ഒഴികെ)വഴി പിരിച്ചെടുത്ത് അടവാക്കുന്ന വാറ്റ് ആദായനികുതി എന്നിവ വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല
5.ഓരോ മാസത്തേയും R&P പത്രിക തൊട്ടടുത്ത മാസം 10-ാം തീയതിക്കു മുൻപു ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ വച്ച് അംഗീകരിക്കുന്നില്ല.
6.സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
7. 2015-16 വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല
8.വസ്തുനികുതിയുടെ ഇനം തിരിച്ചുള്ള കുടിശ്ശികയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22600977.15 |
| വരവ് | 40309898 |
| ആകെ | 62910875.15 |
| ചെലവ് | 52796435 |
| നീക്കിയിരിപ്പ് | 10114440.15 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് | 2713333 | 5665715 | 8379048 | 8379048 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 4238939 | 4445005 | 8683944 | 6779526 | 1904418 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 322587 | 8948319 | 9270906 | 9270906 | - | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 433860 | 884654 | 1318514 | 1318514 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1475161 | 4573947 | 6049108 | 5204659 | 844449 | 0 |
| ലോകബാങ്ക് സഹായം | 2871006 | 1494220 | 4365226 | 2452045 | 1913181 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 75849692 | 134 | 50776719 | 6 | 32 | 77.9% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 83.75% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6259211 | 3959580 | 2299631 | 36.73% |
| നികുതിയേതര വരവുകൾ | 768451 | 1176390 | -407939 | -53% |
| മറ്റുവരവുകൾ | 681553 | 9029715 | 8348162 | 122.55% |
| ആകെ | 7709215 | 14165685 | 6456470 | 83.75% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 120960 | 92 |
| കർഷകത്തൊഴിലാളി പെൻഷൻ | 4574400 | 926 |
| വിധവാപെൻഷൻ | 6691200 | 1052 |
| വാർദ്ധക്യകാല പെൻഷൻ | 4351200 | 987 |
| വികലാംഗപെൻഷൻ | 1746500 | 285 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 548800 | 85 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7458രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2016 | 9/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.02 മുതൽ 31.12.02 വരെ | 1997-98 മുതൽ 2001-02 വരെ | 28/7/2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥിര നിക്ഷേപത്തിനുള്ള പലിശ യഥാസമയം വരവ് വെച്ച് കണക്കിലുൾപ്പെടുത്തിയിട്ടില്ല

പറപ്പൂക്കര ഗ്രാമപഞ്ചായത്ത് എഫ്.ഡി. നമ്പർ 10713041932 ആയി അഞ്ച് ലക്ഷം രൂപ 19.2.2007 ന് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് പുതുക്കാട് ബ്രാഞ്ചിൽ നിക്ഷേപിച്ചിരുന്നു. 14.10.2009 മുതൽ, അതുവരെ ലഭിച്ച പലിശ ഉൾപ്പടെയുള്ള തുകയും ചേർത്ത് 591202 രൂപ സ്ഥിരനിക്ഷേപം ടി തുക ആറ് മാസം കൂടുമ്പോൾ

പുതുക്കി, എഫ്.ഡിയുടെ പലിശ ഇതേ ബാങ്കിലുള്ള 80002024230 എന്ന അക്കൗണ്ടിലേക്ക് മാറ്റിയിടുകയുമാണ് ചെയ്യുന്നത്. 2014 മെയ് മാസം വരെ മാത്രമാണ് പലിശ ലഭിച്ചിട്ടുള്ളത്. 15-16 വർഷത്തെ അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ സമയത്ത് ഓഡിറ്റ് ചൂണ്ടികാണിച്ചതിനെത്തുടർന്ന് പഞ്ചായത്തധികൃതർ ഇക്കാര്യം ബാങ്കിൽ അറിയിച്ചതിനുശേഷമാണ് 2014 മുതൽ 2016 നവംബർ വരെയുള്ള സമയത്തെ പലിശ ലഭിച്ചത്. പലിശ നിക്ഷേപിച്ചിട്ടുള്ള 80002024230 യിൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ TDCB പുതുക്കാട് ബ്രാഞ്ചിലെ 10713021030 യിലേക്ക് 203603 രൂപ പലിശ 17.11.2016നാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. 2014- 2016 വരെയുള്ള സമയത്തെ പലിശ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടിനും 2015-16 വർഷത്തിൽ പലിശ ലഭിച്ചിട്ടില്ല എന്നാണ് ബാങ്ക് പാസ്സ് ബുക്കിൽ നിന്നും വ്യക്തമാവുന്നത്.

പഞ്ചായത്തിന്റെ സ്ഥിര നിക്ഷേപങ്ങൾ കൃത്യമായി നിരീക്ഷിക്കാത്തതിനാലാണ് ഇത്തരത്തിൽ സംഭവിച്ചത്. ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകതകൾ

എ) അർദ്ധവാർഷിക വരുമാനത്തിന് ബാധകമായതിലും അധികം തൊഴിൽനികുതി ഈടാക്കി

2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ കൊടുത്തിരിക്കുന്ന ന്യൂനതകൾ ഉണ്ട് .

തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള ചില വ്യക്തികളിൽ അർദ്ധവാർഷിക വരുമാനത്തിന് ബാധകമായതിലും അധികം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് ,

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാപനം | അർധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീദേവി.കെ.എസ് | പോസ്റ്റ് ഓഫീസ് പറപ്പൂക്കര | 123640 | 1250 | 250രൂപ കൂടുതൽ |
| 2 | കെ.പി. രമ | ദീപാ പ്ലാസ്റ്റിക്സ് | 74762 | 1000 | 400രൂപ കൂടുതൽ |

ബി) എം.ജെ ഫുഡ്സ്, നെല്ലായി എന്ന സ്ഥാപനത്തിൽ നിന്നും 2015-16 ൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

## 2-3 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

തൊട്ടിപ്പാൾ ഷോപ്പിങ്ങ് കോംപ്ലക്സിലെ 3-ാം നമ്പർ മുറിയുടെ വാടക 28273 രൂപ കുടിശ്ശിക ഉണ്ട്. തുക കുടിശ്ശിക വരുത്തിയ വാടകക്കാരനിൽ നിന്നും കുടിശ്ശിക കാലയളവിലെ പിഴ സഹിതം, ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

2015-16 ൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുടെ വിവരം

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വസ്തു നികുതി | കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|
| 17/247-A | ഇൻഡസ് ടവർ ലിമിറ്റഡ്, പാലാരിവട്ടം | 1365<br>11550 | 2011-12, 2012-13<br>2013-14 മുതൽ 2015-16വരെ |

| | | | |
|---|---|---|---|
| 10/281-A | വൊഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, എറണാകുളം | 1365 7859 | 2011-12, 2012-13 2013-14 മുതൽ 2015-16വരെ |

വസ്തു നികതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കാലഹരണപ്പെട്ട കുടിശ്ശിക തുക വീഴ്ചവരുത്തിയ സെക്രട്ടറിമാരുടെ ബാദ്ധ്യതയാക്കി തിട്ടപ്പെടുത്തി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തേണ്ടതാണ്

പൊതുടാപ്പുകൾക്ക് തൻവർഷം 656256രൂപ വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുണ്ട്. വെള്ളക്കരമിനത്തിൽ വലിയ തുക അടവാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം അറിയുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് 30.9.09 ലെ സ.ഉ. (സാ.ധാ.)1279/09 നമ്പർ തസ്വഭവ പ്രകാരമുള്ള കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 കൈപ്പറ്റ രസീതി ഹാജരാക്കിയിട്ടില്ല-362121രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ട് നം./പ്രോജക്ട് | ട്രഷറി ബിൽ നം./ഡി.ഡി.നം./തുക | നൽകിയത് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | S006/16 ഇ.എം.എസ്. ഭവനപദ്ധതി – അവസാന ഗഡു അടവാക്കൽ | ബിൽ നം. 4/15-16/ 28.7.15 ഡി.ഡി. നം.748075/30.7.15 തുക – 300000/- | പറപ്പൂക്കര റൂറൽ സർവ്വീസ് ബാങ്ക് | കൈപ്പറ്റ രസീതി |
| 2 | 2015-16 ഒന്നാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് തുക അടവാക്കിയത് | വൗച്ചർ നം. 21500715/9.12.15 ഡി.ഡി.നം. 281861/9.12.15 തുക – 62121 | അക്കൗണ്ട്സ് ഓഫീസർ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | ,, |
| | ആകെ | 362121 | | |

രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 362121 രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവുവിളക്കുകളുടെ വൈദ്യുതിച്ചാർജ് - തുക അടവാക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

2015-16 സാമ്പത്തികവർഷം 939786 രൂപ തെരുവുവിളക്കുകളുടെ വൈദ്യുതിച്ചാർജിനത്തിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. തെരുവു വിളക്കുകളുടെ എണ്ണം, ഇനം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 13/18.11.16ന മറുപടി നൽകിയിരിക്കുന്നത് തെരുവുവിളക്കുകളുടെ എണ്ണം അറിയുന്നതിന് ചേർപ്പ്, കരുവന്നൂർ, കൊടകര, പറപ്പൂക്കര കെ.എസ്.ഇ.ബികളിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ്. നിലവിൽ കെ.എസ്.ഇ.ബിയിൽ നിന്നും നൽകുന്ന ബിൽ തുക അടവാക്കി വരികയാണ് ചെയ്യുന്നത്. ആയതിനാൽ കെ.എസ്.ഇ.ബിയും പഞ്ചായത്തുമായി സംയുക്തമായ പരിശോധന നടത്തി ഉപയോഗിക്കുന്ന വിളക്കുകൾക്ക് മാത്രമേ വൈദ്യുതി ചാർജ് അടവാക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തി ഈയിനത്തിൽ ഉള്ള നഷ്ടം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതും അടവാക്കിയ അധിക തുക തിരികെ ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 ശതാബ്ദി ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീയാക്കി ധനസഹായം പൂർണ്ണമായി നല്കിയിട്ടില്ല

ഗ്രാമ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ശതാബ്ദി ഭവന പദ്ധതിയിൽ (പ്രൊജക്ട് നം .139/16) 71പേർ കരാർ വച്ച് പ്രവൃത്തി ആരംഭിച്ചു. താഴെപ്പറയുന്ന 3 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. സബ്സിഡി തുക 2 ലക്ഷം രൂപയാണ്.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | ചെക്ക് നം/തീയതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1 | മോഹൻദാസ് മരാശാരി, രാപ്പാൾ | 001624/8.8.16 | 40000 |
| | | 001631/30.9.16 | 70000 |
| | | 001634/26.10.16 | 70000 |
| 2 | സുമതി, കീഴ്പ്പുള്ളി, മുത്രത്തിക്കര | 281166/10.8.15 | 40000 |
| | | 001554/30.1.16 | 70000 |
| | | 001602/31.1.16 | 70000 |
| 3 | സുനിത സുന്ദരൻ, നന്ദിക്കര വീട്, നന്ദിക്കര | 280529/30.5.15 | 40000 |

മേല്പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താക്കൾക്കെതിരെ കരാർ ലംഘനത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് പരിചരണ പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല, വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

പ്രൊജക്ട് - പാലിയേറ്റീവ് പരിചരണം (നം. 124/16)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

(അ)പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന പഞ്ചായത്ത് വക ആംബുലൻസിന്റെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ സർക്കാർ ഉത്തരവിലേയും സർക്കുലറിലേയും നിർദ്ദേശങ്ങൾ പൂർണ്ണമായി

പാലിക്കുന്നില്ല. (സ.ഉ. (എം.എസ്) 170/07/ ത.സ്വ.ഭ.വ./30.6.07, സർക്കുലർ നം. 41/2008/ധനം.02 /08/2008) എല്ലാ വർഷവും ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തുന്നില്ല. അവസാനമായി പരിശോധന നടത്തിയത് 10.4.2013 നാണ്. പ്രതിമാസ ഇന്ധന ഉപയോഗത്തെയും യാത്ര ചെയ്ത ദൂരത്തെയും സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മേല്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ആ) പദ്ധതിയുടെ ഭാഗമായി മരുന്നുവാങ്ങുന്നതിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച 1ലക്ഷം രൂപയിൽ (ഡി.ഡി.നം.001862/28.3.2016) ₹68225 മുളങ്കുന്നത്തുകാവിലെ കാരുണ്യ ഫാർമസിയിൽ അടവാക്കിയതിൽ ₹7666 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 7666 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പ്രിന്റിംഗ് ചാർജ് -കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

നിർവഹണം -സെക്രട്ടറി
പ്രോജക്ട് നമ്പർ – SO1/16
ട്രഷറിബിൽ നമ്പർ – 7/15-16/19.9.15, തുക - 47880
21/15-16/28.1.16 , തുക-29320
27/15-16/29.2.16 , തുക-18630
31/15-16/3.3.16 , തുക-4170
പദ്ധതി രൂപീകരണം എന്ന പദ്ധതി പ്രകാരം മണികണ്ഠൻപ്രസ്സ്, മറ്റത്തൂർകുന്ന് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഡിഡി നമ്പർ | തുക |
|---|---|
| 748547/23.9.15 | 24350 |
| 467031/4.2.16 | 22920 |
| 467751/2.3.16 | 8190 |
| 470310/5.4.16 | 4170 |
| ആകെ | 59630 |

മേൽപ്പറഞ്ഞ പ്രകാരം 59630രൂപ പദ്ധതികളുമായി ബന്ധപ്പെട്ട പ്രിന്റിംഗ് പ്രവൃത്തികൾക്കായി മേൽ സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്.

ആദായനികുതി സെക്ഷൻ 194സി പ്രകാരം 30000രൂപ മുതലുള്ള ഓരോ കോൺട്രാക്റ്റിനും/ വർഷത്തിന് കോൺട്രാക്റ്ററിൽ നിന്നും 1% നിരക്കിൽ (പാൻ ഇല്ലെങ്കിൽ 20%) ആദായനികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കി കാണുന്നില്ല. ആദായനികുതി ഇനത്തിൽ കരാറുകാരനിൽ നിന്നും 596 രൂപ ഈടാക്കേണ്ടതാണ്.

## 3-7 പഞ്ചായത്തിൽ നിന്നും വിവിധ ഏജൻസികൾക്ക് തുക കൈമാറിയത് -വിനിയോഗവിവരമില്ല.

| ക്രമ നം. | പ്രോജക്ട് നം./പ്രോജക്ട് | ട്രഷറി ബിൽ നം./ഡി.ഡി.നം./തുക | നൽകിയത് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | SO4/16 IAY വിഹിതം (SC) | DD No.748154/4.8.15<br>Bill No. 2/15-16/28.7.15<br>തുക – 400000/- | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഇരിങ്ങാലക്കുട | വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | SO/16 IAY വിഹിതം (ജനറൽ) | Bill No. 3/15-16/ 28.7.15<br>748153 /4.8.15<br>തുക – 460000/- | ,, | ,, |
| 3 | SO7/16 സർവ്വശിക്ഷാ അഭിയാൻ – പഞ്ചായത്ത് വിഹിതം നൽകൽ | Bill No. 5/15-16/ 28.7.15<br>DD No. 748151 / 4.8.15<br>തുക – 500000/- | ജില്ലാ പ്രോജക്ട് ഓഫീസർ, തൃശ്ശൂർ | ,, |
| 4 | SOO8/16 സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം | 1)Bill No. 6/15-16/ 28.7.15, തുക 3,00,000/-<br>DD No.748152/4.8.15<br>2) Bill No. 26/15-16/ 29.2.16, തുക 2,00,000/-<br>DD No.469087/5.3.16 | എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ | ,, |
| | ആകെ | 1860000 | | |

രേഖകൾ ഹാജരാക്കുന്നതുവരെ 1860000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 എൽ.ഇ.ഡി തെരുവുവിളക്കു വാങ്ങി സ്ഥാപിക്കൽ -രേഖകൾ ഹാജരാക്കാത്തതിനാൽ 224995 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - SOO186/16
അടങ്കൽ - 24551 (വികസനഫണ്ട്)
202217 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )
ട്രഷറി ബിൽ നമ്പർ-35/15-16/30.3.16, തുക-129045/-
37/15-16/31.3.16,തുക-24551/-
38/15-16/31.3.16,തുക-71339/-

ഇലക്ട്രോ ട്രേഡിംഗ് കമ്പനി ആലുവയിൽ നിന്നും ഇൻവോയ്സ് നമ്പർ E131/23.3.16 പ്രകാരം എൽ.ഇ.ഡി 25w 85എണ്ണവും fitting material with pipe clamb, nut bolt എന്നിവ 85 എണ്ണവും വാങ്ങിയിട്ടുണ്ട്. തെരുവു വിളക്കു സ്ഥാപിച്ചതിന്റെ വിവരം, മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ, വിനിയോഗസാക്ഷ്യപത്രം, കെ.എസ്.ഇ.ബിയിൽ നിന്നുള്ള എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 224995 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 തെരുവുവിളക്കുപരിപാലനം -മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 4 പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 186/16 | എൽ.ഇ.ഡി തെരുവുവിളക്കു സ്ഥാപിക്കൽ | 224995 |
| 144/16 | ഹരിജൻ കോളനികളിലേക്ക് സിംഗിൾ ട്യൂബ് ലൈറ്റ് വാങ്ങൽ | 103194 |
| 10/16 | തെരുവ് വിളക്ക് സ്ഥാപനം – കോൺട്രാക്ടർക്ക് തുക അനുവദിച്ചത് | 100000 |

| | | |
|---|---|---|
| 148/16 | സ്ട്രീറ്റ് ലൈറ്റ് സാധനസാമഗ്രികൾ വാങ്ങൽ | 499909 |

പഞ്ചായത്ത് ഡയറക്ടർ 17.8.2015-ൽ ജി2/44274/2015നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അടാട്ട് മോഡൽ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ടി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.
2. തെരുവ് വിളക്ക് മെയിന്റനൻസിനായി നിയമിക്കുന്ന ഇലക്ട്രീഷ്യന്റെ യോഗ്യത ഉറപ്പ് വരുത്തുകയും അവർ മതിയായ ഇൻഷ്വറൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും വേണം.
3. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15-നും 25-നും ഇടയ്ക്ക് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതും പ്രവർത്തന രഹിതമായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നുണ്ട് എന്നുള്ളതും ഉറപ്പ് വരുത്തേണ്ടതാണ്.
4. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ റിസർവ്വായി കരുതാവുന്നതുമാണ്.
5. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് യഥാസമയം വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃത്യമായ സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തേണ്ടതും മോണിറ്ററിങ്ങ് കമ്മിറ്റി യോഗത്തിൽ മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
6. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ. തീയതി 15.7.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.
7. ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽപറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. തെരുവുവിളക്കു പരിപാലനം സംബന്ധിച്ച പദ്ധതി നടപ്പാക്കുമ്പോൾ മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 റോഡ്കോൺക്രീറ്റിങ്ങ് ഡി എസ് ആർ പ്രകാരമല്ല

ജി.ഒ.(എം,എസ്.)നമ്പർ 74/2014/എൽ.എസ്.ജി,ഡി തിയതി 7.5.2014ലെ സർക്കാർ നിർദ്ദേശപ്രകാരം റോഡ് കോൺക്രീറ്റിങ്ങിന് ഉപയോഗിക്കേണ്ടത് DARൽ റോഡ് പ്രവർത്തികളെ കുറിച്ച് പ്രതിപാദിയ്ക്കുന്ന 16-ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. എന്നാൽ ഈ സ്പെസിഫിക്കേഷനു പകരം റോഡ് കോൺക്രീറ്റിങ്ങിന് ഉപയോഗിച്ചിരിക്കുന്നത് DAR Sub head 4ലെ 4.1.8, Sub head 11ലെ 11.7 എന്നീ ഇനങ്ങളാണ്.

4.1.8 പ്രകാരം 1:4:8 എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് നടത്തി അതിനുമുകളിൽ 11.7അനുസരിച്ച് 1:2:4 എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് നടത്തിവരികയും ചെയ്യുന്നു.

നിശ്ചിത സ്പെസിഫിക്കെഷൻ 16.42 ഉപയോഗിക്കാത്തതിനാൽ അധിക ചെലവുവരുന്നില്ലെങ്കിലും നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കാണുന്നു. തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരം നടത്തിയ പ്രവൃത്തികൾക്ക് ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു

| ക്രമനമ്പർ | പ്രവൃത്തിയുടെപേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | നന്തിക്കര ഒയാസിസ് ലൈൻ റോഡ് കോൺക്രീറ്റിങ്ങ് | 89000. |
| 2 | പന്തല്ലൂർ ഇറിഗേഷൻ റാമ്പ് കോൺക്രീറ്റിങ്ങ് | 67000 |
| 3 | കടുപ്പ് ഫാം ബണ്ട്റോഡ് കോൺക്രീറ്റിങ്ങ് | 227000 |
| 4 | പറപ്പൂക്കര ഉറുമ്പംകുന്ന് റോഡ് കോൺക്രീറ്റിങ്ങ് | 259000 |

DSR പ്രകാരം പ്രവൃത്തികൾ ചെയ്യാത്തതിനു വിശദീകരണം നൽകേണ്ടതാണ്.

## 3-11 ഇ-ടെണ്ടർ -ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കേതാണ്

എ) 2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർഫോമിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർഫോറം വില |
|---|---|---|---|---|
| 1 | ചാത്തനാത്ത് ഭഗവതിക്ഷേത്രം റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 710000 | 5 | 525x5=2625 |
| 2 | ശ്രീകൃഷ്ണപുരം പുതിയാറ്റിപറമ്പിൽ റോഡ് റീടാറിങ്ങ് | 869000 | 4 | 1050x4=4200 |
| 3 | കെ.എസ്.പി. നമ്പൂതിരിമാസ്റ്റർ റോഡ് റീടാറിങ്ങ് | 600000 | 5 | 840x5=4200 |
| 4 | മുളങ്ങ് മാടപ്പുറം റോഡ് സോളിങ്ങ് സെക്കന്റ് മെറ്റലിങ്ങ് | 689000 | 6 | 735x6=4410 |
| 5 | വൈലൂർ പടിഞ്ഞാട്ടുമുറി റോഡ് സെക്കന്റ് മെറ്റലിങ്ങ് | 579140 | 3 | 525x3=1575 |
| 6 | കുറുമാലി സൗത്ത് ബണ്ട് റോഡ് ശാക്തീകരണം ഇടതുഭാഗം | 500000 | 2 | 1050x2=2100 |
| 7 | കുറുമാലി സൗത്ത്ബണ്ട് റോഡ് ശാക്തീകരണം വലതുഭാഗം | 500000 | 2 | 1050x2=2100 |
| 8 | കുറുമാലി സൗത്ത്ബണ്ട് റോഡ്, വടക്ക് ഭാഗം | 500000 | 1 | 1050 |
| 9 | ആലത്തൂർ കാരക്കാട്ടുകടവ് ലിഫ്റ്റ് ഇറിഗേഷൻ | 641100 | 2 | 1365x2=2730 |
| | ആകെ | | | 24990 |

ടെണ്ടർ ഫോമിന്റെ വില 24990 രൂപ പഞ്ചായത്തിനു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ഇ-ടെണ്ടർ – ടെണ്ടർ ഫോമിന്റെ വിലയിൽ കുറവ്

ടെണ്ടർ ഫോമിന്റെ വില പഞ്ചായാത്തിനു ലഭ്യമാക്കേണ്ടതാണ്. ജി.ഒ.(പി) നമ്പർ 524/15/ഫിൻ തിയ്യതി 17.11.15 പ്രകാരം 500000 രൂപയും അതിൽ കൂടുതലും അടങ്കൽ തുക വരുന്ന മരാമത്തു പ്രവർത്തികൾ ഇ-ടെണ്ടർ ചെയ്യണമെന്നാണ്. 2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവർത്തികളുടെ ടെണ്ടർ ഫോമിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. ജി.ഒ.(പി)നം. 3/2015 ഫിൻ തിയ്യതി 5.1.2015 പ്രകാരം അടങ്കൽ തുക 50000/- രൂപയ്ക്കും 10 ലക്ഷം രൂപയ്ക്കും ഇടയ്ക്കുവരുന്ന ടെണ്ടറിന് അടങ്കൽ തുകയുടെ 0.2% ടെണ്ടർ ഫോം വിലയായും 5% ST ആയും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ടെണ്ടറുകളിൽ ടെണ്ടർ ഫോമിന്റെ വില ഈടാക്കിയതിൽ കുറവു കാണുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർഫോറം വില – ഈടാക്കിയ തുക | ST അടക്കം ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ചാത്തനാത്ത് ഭഗവതിക്ഷേത്രം റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | 710000 | 5 | 525x5=2625 | 1420+71=1491<br>1491x5=7455 | 4830 |
| 2 | ശ്രീകൃഷ്ണപുരം പുതിയാറ്റിപറമ്പിൽ റോഡ് റീടാറിങ്ങ് | 869000 | 4 | 1050x4=4200 | 1738+87x4=7300 | 3100 |
| 3 | കെ.എസ്.പി. നമ്പൂതിരിമാസ്റ്റർ റോഡ് റീടാറിങ് | 600000 | 5 | 840x5=4200 | 1200+60x5=6300 | 2100 |
| 4 | മുളങ്ങ് മാടപ്പുറം റോഡ് സോളിങ്ങ് സെക്കന്റ് മെറ്റലിങ്ങ് | 689000 | 6 | 735x6=4410 | 1378+69x6=8682 | 4272 |
| 5 | വൈലൂർ പടിഞ്ഞാട്ടുമുറി റോഡ് സെക്കന്റ് മെറ്റലിങ്ങ് | 579140 | 3 | 525x3=1575 | 1158+58x3=3648 | 2073 |
| 6 | കുറുമാലി സൗത്ത് ബണ്ട് റോഡ് ശാക്തീകരണം ഇടതുഭാഗം | 500000 | 2 | 1050x2=2100 | 1000+50x2=2100 | 0 |
| 7 | കുറുമാലി സൗത്ത്ബണ്ട് റോഡ് ശാക്തീകരണം വലതുഭാഗം | 500000 | 2 | 1050x2=2100 | 1000+50x2=2100 | 0 |
| 8 | കുറുമാലി സൗത്ത്ബണ്ട് | 500000 | 1 | 1050x1=1050 | 1000+50x1=1050 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ്, വടക്ക് ഭാഗം | | | | | |
| 9 | ആലത്തൂർ കാരക്കാട്ടുകടവ് ലിഫ്റ്റ് ഇറിഗേഷൻ | 641100 | 2 | 1365x2=2730 | 1282+68x2=2700 | -30 |
| | ആകെ | | | 24990 | 41335 | 16345 |

ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് 41335 രൂപ ലഭ്യമാക്കാനുണ്ട്. മേൽകാണിച്ച വ്യത്യാസം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 3-12 മരാമത്ത് പ്രവർത്തികളുടെ ബില്ലിൽനിന്നും പിഴ ഈടാക്കിയിട്ടില്ല

GO(P)NO 84/97/PW&T dated 19.8.1997 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 20 ദിവസത്തിനകം കരാറുകാരൻ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ അടങ്കൽ തുകയുടെ 1% തുക (minimum 1000, maximum 2500) പിഴ ഈടാക്കികൊണ്ട് അടുത്ത 10 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കുവാൻ അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ കരാറിൽ ഏർപ്പെട്ടപ്പോൾ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിനു നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെകോടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ടെണ്ടർ തിയതി | സെലക്ഷൻ നോട്ടീസ് | കരാർ തിയതി | അടങ്കൽ | പിഴ | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1 | ഉറുമ്പനാംകുന്ന് റോഡ് കോൺക്രീറ്റിങ്ങും സൈഡ്കെട്ടും | 25.7.2015 | തിയതി രേഖപ്പെടുത്തിയിട്ടില്ല | 25.8.15 | 25900 | 2500 | കെ.എൻ.മനോജ് |
| 2 | കോണിക്കച്ചിറ സൈഡ്കെട്ട് | 15.7.15 | do | 24.8.15 | 181900 | 1819 | ടി.രതീഷ് |
| 3 | കുറുമാലി സൗത്ത്ബണ്ട് ശാക്തീകരണം (പുതുപ്പള്ളിറോഡു മുതൽ... ഇടതുവശം) | 6.8.15 | do | 11.9.15 | 500000 | 2500 | കെ.എൻ. മനോജ് |
| 4 | ചാത്താംകുഴി പള്ളിനട റോഡ് അഴുക്ക്ചാൽ | 17.9.15 | do | 11.11.15 | 500000 | 2500 | കെ.ആർ.അനന്തരാമൻ |
| 5 | കുറുമാലി സൗത്ത്ബണ്ട് ശാക്തീകരണം (പുതുപ്പള്ളി പറമ്പൻറോഡ് മുതൽ വലതുവശം) | 17.9.15 | do | 11.11.15 | 500000 | 2500 | കെ.എൻ. മനോജ് |
| 6 | തൊട്ടിപ്പാൾ മാടപ്പുറം കപ്പേള റോഡ് റീടാറിങ്ങ് | 15.7.15 | do | 21.8.15 | 150000 | 1500 | പി.ആർ. നാരായണൻ |
| 7 | തൊട്ടിപ്പാൾ വില്ലേജ് റോഡ് | 15.7.15 | do | 21.8.15 | 214000 | 2140 | പി,ആർ.നാരായണൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| | റീടാറിങ്ങ് | | | | | | |
| 8 | കാരിക്കോട് റോഡ് സോളിങ്ങ് | 15.7.15 | do | 21.8.15 | 104000 | 1040 | നാരായണൻ. പി.ആർ. |
| 9 | മണ്ണാമ്പറമ്പിൽ റോഡ് സോളിങ്ങ് | 15.7.15 | do | 24.8.15 | 119000 | 1190 | രതീഷ്.ടി |
| 10 | മാടപ്പുറം റോഡ് റീടാറിങ്ങ് | 15.7.15 | do | 21.8.15 | 280000 | 2500 | പി.ആർ.നാരായണൻ |
| 11 | കുന്നമക്കരറോഡ് റീടാറിങ്ങ് | 15.7.15 | do | 21.8.15 | 200000 | 2000 | പി.ആർ.നാരായണൻ |
| 12 | കട്ടാളാസ് പാടം കിഴക്കുമുറി റോഡ് റീടാറിങ്ങ് | 15.7.15 | do | 25.8.15 | 400000 | 2500 | കെ.എൻ.മനോജ് |
| 13 | കൊളത്തൂർ എസ്.സി.കോളനി റോഡ് റീടാറിങ്ങ് | 15.7.15 | do | 21.8.15 | 222383 | 2223 | പി.ആർ.നാരായണൻ |
| 14 | തൊട്ടിപ്പാൾ മാടപ്പുറം കപ്പേള റോഡ് റീടാറിങ്ങ് | 15.7.15 | do | 21.8.15 | 150000 | 1500 | പി.ആർ.നാരായണൻ |
| | ആകെ | | | | | 28412 | |

ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക ഈടാക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 125000 | ശാരീരിക/മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 125000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 125000 | ശാരീരിക/മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 125000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 100000 | പാലിയേറ്റീവ് കെയർ | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 100000 | പാലിയേറ്റീവ് കെയർ | 100000 | - |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കുടുംബശ്രീ | ആശ്രയ പദ്ധതി | 748150/4/8/15 | 150000 | 150000 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4- 4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനം | ജി.ഒ.394/10/ 4.2.10 | 2014000 | 30000 | 30000 | - | - |
| ശതാബ്ദി ഭവനപദ്ധതി | 72166/DB1/ 15/16.3.15 | 12830000 | 12830000 | 0 | 607211 | 12830000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 691202 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 691202 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| സ്ഥിരനിക്ഷേപം | 691202 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15704 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| PAU | | 447 | ദീപ പ്ലാസ്റ്റിക് സ് | 11507101016/15.6.15 |
| 2013-14 | 2-4 | 1250 | ധനലക്ഷ്മി ബാങ്ക് | 11507400011/8.10.16 |
| 2013-14 | 2-4 | 750 | നെല്ലായി കോ-ഓപ്പറേറ്റീവ് ബാങ്ക് | 11507102774/9.10.15 |
| 2013-14 | 2-4 | 1250 | ധനലക്ഷ്മി ബാങ്ക് | 11507400012/16.11.16 |

| | | | | |
|---|---|---|---|---|
| 99-00 | 28 | 60 | വി.തങ്കസ്വാമി | 11507103739/5.12.15 |
| 1991-92 | | 608 | ടി.ഒ.ഔസേഫ് | 11507104064/6.1.16 |
| 92-93 | 14 | 340 | സെക്രട്ടറി | 11507104065/6.1.16 |
| 92-93 | 9B | 682 | സെക്രട്ടറി | 11507104191/16.1.16 |
| 98-99 | 33 | 12 | സെക്രട്ടറി | 11507104193/16.1.16 |
| 97-98 | 23 | 44 | സെക്രട്ടറി | 11507104194/16.1.16 |
| 97-98 | 26 | 57 | സെക്രട്ടറി | 11507104195/16.1.16 |
| 97-98 | 31 | 273 | സെക്രട്ടറി | 11507104196/16.1.16 |
| 97-98 | 41 | 183 | സെക്രട്ടറി | 11507104197/16.1.16 |
| 99-00 | 19 | 367 | സന്തോഷ് | 11507104198/16.1.16 |
| 99-00 | 21 | 1123 | സെക്രട്ടറി | 11507104199/16.1.16 |
| 99-00 | 22 | 810 | സെക്രട്ടറി | 11507104200/16.1.16 |
| 99-00 | 26 | 320 | സെക്രട്ടറി | 11507104201/28.1.16 |
| 97-98 | 25 | 500 | പോൾ | 11507104306/30.1.16 |
| 96-97 | 46 | 136 | സെക്രട്ടറി | 11507104338/30.1.16 |
| 96-97 | 32 | 55 | സെക്രട്ടറി | 11507104339/22.2.16 |
| 97-98 | 34 | 2050 | ടി.വി.ഫ്രാൻസിസ് | 11507104792/30.3.16 |
| 2011-12 | 3(4&5) | 4387 | കെ.എൻ.മനോജ് | 11507104996/22.2.16 |
| | | 15704 | | |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 40309898 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52796435 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 28412 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2454782 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 28412 | നിലൂഫർ ബാനു, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 362121 | പി.വി.പത്മനാഭൻ<br>സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 7666 | ഡോ.പ്രഭ.കെ.നമ്പൂതിരി,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7 | 1860000 | പി.വി.പത്മനാഭൻ<br>സെക്രട്ടറി |
| 3-8 | 224995 | പി.വി.പത്മനാഭൻ<br>സെക്രട്ടറി |
| | 2454782 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഖണ്ഡിക 3-6 - 596/- രൂപ
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്/ഉദ്യോഗപ്പേര് | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിലൂഫർ ബാനു,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | വെട്ടുക്കൽ വീട്,<br>മറ്റത്തൂർകുന്ന്,<br>കൊടകര |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക |
|---|---|---|
| 1986-87,1987-88<br>1988-89,1989-90<br>1990-91 | എൽ.എഫ്.ടി(പി3)-2538/2011 തിയ്യതി<br>20.10.2011/08.12.2011 | |
| 1995-96 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16<br>(ഓഡിറ്റ് അദാലത്ത്) | 2 |
| 1996-97 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16<br>(ഓഡിറ്റ് അദാലത്ത്) | 9 |

| | | |
|---|---|---|
| | | |
| 1997-98 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16 (ഓഡിറ്റ് അദാലത്ത്) | 14 |
| 1998-99 (ചെലവ്) | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16 (ഓഡിറ്റ് അദാലത്ത്) | 9 |
| 1999-2000 | എൽ.എഫ്.ടി.16-341/03തിയ്യതി 02.08.2003 | |
| 2000-01,2001-02 | എൽ.എഫ്.ടി.16-1528/03തിയ്യതി 14.05.2004 | |
| 2000-01 | എൽ.എഫ്.ടി.16-612/04തിയ്യതി 04.09.2004 | |
| 2001-02 | എൽ.എഫ്.ടി.16-2062/06<br>തിയ്യതി 25.03.2007/14.10.2007 | |
| 2002-03 | എൽ.എഫ്.ടി.16-2063/06<br>തിയ്യതി 05.04.2007/15.10.2007 | |
| 2003-04 | എൽ.എഫ്.ടി.16-1676/08 തിയ്യതി 08.03.2010 | |
| 2004-05 | എൽ.എഫ്.ടി.16-1677/08 തിയ്യതി 08.03.2010 | |
| 2005-06 | എൽ.എഫ്.ടി.16-2005/09 തിയ്യതി 06.09.2010 | |
| 2006-07 | എൽ.എഫ്.ടി.16-2006/09 തിയ്യതി 06.09.2010 | |
| 2007-08 | എൽ.എഫ്.ടി.(പി3)-568/12 തിയ്യതി 24.09.2012 | |
| 2008-09 | എൽ.എഫ്.ടി.(പി3)-569/12 തിയ്യതി 24.09.2012 | |
| 2009-10 | എൽ.എഫ്.ടി.(പി3)-570/12 തിയ്യതി 24.09.2012 | |
| 2010-11 | എൽ.എഫ്.ടി.(പി3)571/12<br>തിയ്യതി 24.09.2012/04.02.2013 | |
| 2011-12 | എൽ.എഫ്.ടി.(പി3)-911/13<br>തിയ്യതി 20.08.2013/04.12.2013 | |
| 2012-13 | എൽ.എഫ്.ടി.(പി7)-228/14<br>തിയ്യതി 10.10.2014/12.12.2014 | |

| | | |
|---|---|---|
| 2013-14 | കെ. എസ്.എ. ടി. എസ്. ആർ.(പി 7) 188/15<br>തിയ്യതി 07.07.2015/11.09.2015 | |
| 2014-15 | കെ. എസ്.എ.ടി.എസ്.ആർ.(പി7)875/16<br>തിയ്യതി 03.06.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
തൃശ്ശൂർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ./പി7/2098/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680020
ഫോൺ- 0487 2331240
തീയ്യതി:16.01.2017
ഇ.മെയിൽ-dotsr.ksad@kerala.gov.in

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്

ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

••

No.KSA.TSR(P7)2098/16

Kerala State Audit Department

District Audit Office,
Thrissur-680 020

Date: 16.01.2017

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Parappukara Grama Panchayat in Thrissur

District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Parappukara Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director